**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2185** **11-10-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻകാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റവും അർഹതപ്പെട്ടവർക്ക് മുൻഗണന റേഷൻകാർഡ് ലഭിക്കാതെപോകുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കേന്ദ്രസർക്കാർ നിശ്ചയിച്ചപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,800,40 അംഗങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കത്തു നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരായവരെ ഉൾപ്പെടുത്താനാകൂ. അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കി അർഹരെ ഉൾപ്പെടുത്തി വരുന്നു. |
| (ബി) | ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ ഏറ്റവും കൂടുതൽ അർഹതപ്പെട്ടവർക്ക് ആദ്യം റേഷൻകാർഡ് കൊടുക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഏറ്റവും പാവപ്പെട്ടവർക്ക് ആദ്യം എന്നതരത്തിൽ സുതാര്യമായി മുൻഗണന റേഷൻകാർഡ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | മുൻഗണനാ കാർഡിനായി താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി താലൂക്ക് തലത്തിൽ ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ